**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 900** **12-06-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസന വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വികസന വകുപ്പ് നടത്തി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച വിവരവും വ്യക്തമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടത്തി വരുന്ന പദ്ധതികളും ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച വിവരവും **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br><br>കോങ്ങാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരുന്ന പദ്ധതികളും, പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു .<br><br>1. വിദ്യാവാഹിനി പദ്ധതി പ്രകാരം 3 പഞ്ചായത്തുകളിലായി 9 സ്കൂളുകളിൽ 103 വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം അനുവദിച്ചിട്ടുണ്ട്.<br>2. ഭക്ഷ്യസഹായ പദ്ധതി - ഓരോ വർഷവും മൂന്നു തവണകളായി 408 കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തി വരുന്നു.<br>3. മുൻ വർഷങ്ങളിൽ അനുവദിച്ച 55 വീടുകളുടെ പൂർത്തീകരണത്തിനുള്ള ധനസഹായം സ്റ്റേജ് പ്രകാരം അനുവദിച്ചു വരുന്നു.<br>4. സേഫ് പദ്ധതി പ്രകാരം 2023-24 വർഷം 7 പേരെ തെരഞ്ഞെടുത്ത് ധനസഹായം അനുവദിച്ചു വരുന്നു.<br>5. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 10 ഏക്കർ സ്ഥലം വാങ്ങുകയും 42 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗതിയിലുമാണ്.<br>6. റീബിൽഡ് കേരള പദ്ധതി പ്രകാരം പുനരധിവസിപ്പിച്ച 5 കോളനികളിലായി 110 പേർക്ക് പട്ടികവർഗ വികസ വകുപ്പ് മുഖേന 2 ലക്ഷം രൂപ അധിക ധനസഹായം അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | 7. ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം പ്രതിമാസം 33 പേർക്ക് 2,000 രൂപ പ്രകാരം 66,000 രൂപ അനുവദിച്ച് വരുന്നു.<br>8. കൈത്താങ്ങ് പദ്ധതി പ്രകാരം 2 പേർക്ക് പ്രതിമാസം 2,000/- രൂപ അനുവദിച്ച് വരുന്നു.<br>9. സിക്കിൾ സെൽ അനീമിയ ധനസഹായ പദ്ധതിയിൽ 6 ഗുണഭോക്താക്കൾക്ക് പ്രതിമാസം 2500/- രൂപ വീതം അനുവദിച്ച് വരുന്നു.<br>10. ചികിത്സാ ധനസഹായം ആവശ്യമായവർക്ക് ചികിത്സാ ചെലവ്, വാഹന വാടക എന്നിവ യഥാസമയം അനുവദിച്ച് വരുന്നു.<br>11. ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം കുട്ടികളുടെ അക്കൗണ്ടിലേക്ക് നേരിട്ടും, പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ്സ് മുഖേനയും യഥാസമയം നൽകി വരുന്നു.<br>12. 60 വയസ്സിനു മുകളിൽ പ്രായമുള്ള 105പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 1,000/- രൂപ വീതം ഓണസമ്മാനം വിതരണം നടത്തിയിട്ടുണ്ട്.<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പ് കോങ്ങാട് മണ്ഡലത്തിൽ പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## നിയമസഭ ചോദ്യം 900

കോങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടിക ജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വികസന/ ക്ഷേമ പ്രവർത്തങ്ങളായ വിവാഹ ധനസഹായം, മിശ്ര വിവാഹ ധനസഹായം, ചികിത്സ ധനസഹായം, ഏക വരുമാന ധായകന്റെ മരണപെട്ടാലുള്ള ധനസഹായം, വിവിധ സ്കോളർഷിപ്പുകൾ മുതലായവ അർഹതയുള്ള എല്ലാ പട്ടിക ജാതിക്കാർക്കും നൽകുന്നുണ്ട്. കൂടതെ പട്ടിക ജാതി വികസന വകുപ്പിൻ്റെ അംബേദ്കർ ഗ്രാമം/കോർപ്പസ് ഫണ്ട് എന്നീ പദ്ധതി താഴെ നൽകിയ പട്ടിക പ്രകാരം നടപ്പിലാക്കി വരുന്നു.

**കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതികൾ**

| വർഷം | കോളനിയുടെ പേര് | നിലവിലെ സ്ഥിതി | ചെലവഴിച്ച തുക |
|---|---|---|---|
| 2021-22 | ചാത്തംകുളം | പ്രവൃത്തി അന്തിമഘട്ടത്തിലാണ് | 3908083 |
| 2021-22 | ദേവസ്വം പറമ്പ് | പ്രവൃത്തി പുരോഗമിക്കുന്നു | 7141485 |
| 2022-23 | കൊയിലത്തും പടി | സാങ്കേതിക കാരണങ്ങളാൽ പദ്ധതി റദ്ദ് ചെയ്യുന്നതിനുള്ള കത്ത് സമർപ്പിച്ചിട്ടുണ്ട് | |

**കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന കോർപ്പസ് ഫണ്ട് പദ്ധതികൾ**

| വർഷം | പ്രവർത്തിയുടെ പേര് | നിലവിലെ സ്ഥിതി | ചെലവഴിച്ച തുക |
|---|---|---|---|
| 2021-22 | മനക്കമ്പാടം കവറത്തോടി കുടിവെള്ള പദ്ധതി | പ്രവൃത്തി തുടരുന്നു | 750000 |
| 2023-24 | പാങ്ങോട് എം എ കോളനി റോഡ് കോൺക്രീറ്റിംഗ് | പ്രവൃത്തി പുരോഗമിക്കുന്നു | 800000 |
| 2023-24 | കാപ്പുകാട് ഹരിജൻ കോളനി ഡ്രൈനേജ് | പ്രവൃത്തി പുരോഗമിക്കുന്നു | 800000 |
| 2023-24 | വെങ്ങോലിക്കുന്ന് എസ് സി കോളനി റോഡ് കോൺക്രീറ്റിംഗ് ആൻറ് സൈഡ് പ്രൊട്ടക്ഷൻ | പ്രവൃത്തി പുരോഗമിക്കുന്നു | 1500000 |